പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 469 **13-10-2026-ൽ മറുപടിയ്ക്ക്**

കയർ മേഖലയിലെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ബി. ബി. ഗോപകുമാർ ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ കയർ മേഖലയിലെ തൊഴിലാളികൾ നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയും കയർ സഹകരണ സംഘങ്ങളുടെ പ്രവർത്തന പ്രതിസന്ധിയും പരിഹരിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

മറുപടി: പരമ്പരാഗത കയർ തൊഴിലാളികളുടെ വരുമാനം ഉറപ്പാക്കുന്നതിനായി വരുമാനം ഉറപ്പാക്കൽ പദ്ധതി നടപ്പിലാക്കിവരുന്നു. 2026-27 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതി പ്രകാരം 6 കോടി രൂപ 10 കയർ പ്രോജക്ടുകളിലെ പരമ്പരാഗത കയർ തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നതിനായി അതാത് പ്രൊജക്ട് ഓഫീസർമാർക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. പരമ്പരാഗത/ ഇ-റാട്ടിൽ കയർ പിരിക്കുന്ന തൊഴിലാളികളുടെ ദിവസവേതനം 350 രൂപയിൽ നിന്ന് 400 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. വർദ്ധിപ്പിച്ച തുകയിൽ 25/- രൂപ അതാത് സംഘവും 25/- രൂപ സർക്കാരും നൽകി വരുന്നു. 2026 ഓണത്തോട് അനുബന്ധിച്ച്, ഉത്സവക്കാലത്തെ ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിനായി, കയർ നൂൽപ്പ് സംഘങ്ങളിലെ 5000 തൊഴിൽ രഹിതരായ തൊഴിലാളികൾക്ക് 2000/- രൂപ വീതം അഡ്വാൻസ് / എക്സ് ഗ്രേഷ്യ നൽകുന്നതിന് 1 കോടി രൂപ സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്.

പ്രവർത്തന പ്രതിസന്ധി നേരിടുന്ന കയർ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനായി കയർ ഉൽപ്പാദന സംഘങ്ങളുടെ പുനഃസംഘടനയും മാനേജീരിയൽ സബ്സിഡിയും എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. 2026-27 സാമ്പത്തിക വർഷത്തിൽ 444 സംഘങ്ങൾക്ക് പ്രവർത്തന മൂലധന ഇനത്തിൽ 4,56,50,000/- രൂപ അനുവദിക്കുന്നതിനുള്ള ഭരണാനുമതിയും 287 സംഘങ്ങൾക്ക് മാനേജീരിയൽ സബ്സിഡി ഇനത്തിൽ 2,00,00,000/- രൂപ അനുവദിക്കുന്നതിനുള്ള ഭരണാനുമതിയും സർക്കാർ ഇതിനകം നൽകിയിട്ടുണ്ട്.

ചകിരി, കയർ ഉൽപ്പന്നങ്ങൾ എന്നിവയുടെ വിലയിലെ ഏറ്റക്കുറച്ചിലുകൾ നിയന്ത്രിച്ച് ഉൽപ്പാദകർക്കും സഹകരണ സംഘങ്ങൾക്കും ന്യായമായ വില ഉറപ്പാക്കുന്നതിനായി ക്രയവില സ്ഥിരതാ പദ്ധതി പ്രകാരം 2026-27 സാമ്പത്തിക വർഷത്തിൽ കയർഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ എന്നിവ മുഖേന 34,79,41,578/- രൂപ ചെലവഴിച്ചു. കയർ വ്യവസായത്തിന്റെ ഉൽപ്പാദനക്ഷമതയും തൊഴിലാളികളുടെ വരുമാനവും മെച്ചപ്പെടുത്തുന്നതിനായി സഹകരണ സംഘങ്ങളുടെ നവീകരണത്തിനും യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിനും സഹായം നൽകി വരുന്നു. കൂടാതെ, കുറ്റമറ്റ, മെച്ചപ്പെട്ട കൂടുതൽ ഇലക്ട്രോണിക് റാട്ടുകളും ഓട്ടോമേറ്റഡ് സ്പിന്നിംഗ് മില്ലുകളും സ്ഥാപിച്ച്, 300 കയർപിരി സംഘങ്ങളിൽ 100 ദിവസത്തിൽ കുറയാതെ തൊഴിൽ നൽകുന്നതിനുള്ള നടപടികൾ കയർവകുപ്പ് സ്വീകരിച്ചുവരുന്നു.

(ബി) കയർ തൊഴിലാളികളുടെ തൊഴിൽദിനങ്ങളും വരുമാനവും വർധിപ്പിക്കുന്നതിനായി നിലവിൽ നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

മറുപടി: ഇൻകം സപ്പോർട്ട് സ്കീം

കയർ തൊഴിലാളികളുടെ വരുമാനം ഉറപ്പാക്കുന്നതിനായി ഇൻകം സപ്പോർട്ട് സ്കീം (ISS) പ്രകാരം 110/- രൂപ സർക്കാർ വിഹിതമായി അനുവദിച്ചു വരുന്നു.

മെറ്റീരിയൽ ബാങ്ക് പദ്ധതി

കയർ സംഘങ്ങൾക്ക് ന്യായ വിലക്ക് തുടർച്ചയായി ചകിരി ലഭ്യമാക്കുന്നതിന് കയർഫെഡ് വഴി മെറ്റീരിയൽ ബാങ്ക് പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കി വരുന്നു.

റിവോൾവിംഗ് ഫണ്ട് പദ്ധതി

കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, കയർഫെഡ് എന്നീ ഏജൻസികൾ സംഘങ്ങളിൽ നിന്നും സംഭരിക്കുന്ന കയർ, കയർ ഉത്പന്നങ്ങൾ എന്നിവയുടെ വില യഥാസമയം സംഘങ്ങൾക്ക് നൽന്നതിനു വേണ്ടി റിവോൾവിംഗ് ഫണ്ട് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം കയർഫെഡിന് 7 കോടി രൂപയും കയർ കോർപ്പറേഷന് 3 കോടി രൂപയും അനുവദിച്ചു നൽകിയിട്ടുണ്ട്.

പരമ്പരാഗത കയർപിരി മേഖലയിലും ഇലക്ട്രോണിക് റാട്ടിലും പ്രവർത്തിക്കുന്ന തൊഴിലാളികളുടെ കുറഞ്ഞ കൂലി 350/- രൂപയിൽ നിന്നും പ്രതിദിനം 400/- രൂപയാക്കി ഉയർത്തിയിട്ടുണ്ട്. കൂടാതെ 2026 ഓണക്കാലത്ത് കയർ തൊഴിലാളികൾക്ക് ഒരു കോടി രൂപ ഓണം അഡ്വാൻസ്/എക്സ്ഗ്രേഷ്യ ആയി അനുവദിച്ച് നൽകിയിട്ടുണ്ട്.

(സി) പ്രവർത്തനരഹിതമായതോ സാമ്പത്തിക പ്രതിസന്ധിയിലുള്ളതോ ആയ കയർ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനായി പ്രത്യേക പദ്ധതി നടപ്പാക്കുന്നുണ്ടോ;

മറുപടി: കേരളത്തിലെ പ്രവർത്തനക്ഷമമായ കയർ സംഘങ്ങൾ 568 മാത്രമാണ് ഉള്ളത്. നിലവിൽ ഉള്ള 50% സംഘങ്ങളും നാമമാത്രമായിട്ടാണ് പ്രവർത്തിക്കുന്നത്. കയർ സംഘങ്ങളിൽ നിന്നും 50 സംഘങ്ങളെ രണ്ട് വർഷം കൊണ്ട് സാമ്പത്തിക, സാങ്കേതിക സഹായങ്ങൾ നൽകി ലാഭകരമാക്കി മാറ്റുന്നതിനും മറ്റു സംഘങ്ങൾക്ക് അർഹതയനുസരിച്ചുള്ള പ്രവർത്തന മൂലധനം നൽകി കൂടുതൽ തൊഴിലും തൊഴിൽ ദിനങ്ങളും സൃഷ്ടിക്കുന്നതിനുമായി സംഘങ്ങളെ 4 ഇനത്തിൽ തരം തിരിച്ചു നടപ്പിലാക്കുന്നതാണ് ഫോക്കസ് 50 പദ്ധതി. ഇതിനെ ABCD എന്നിങ്ങനെ 4 വിഭാഗങ്ങളായി ആയി തരം തിരിച്ചിരിക്കുന്നു. ABCD എന്നീ ക്യാറ്റഗറികളിലായി നടപ്പിലാക്കുന്ന പദ്ധതിയിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളായി പ്രവർത്തനരഹിതമായ സംഘങ്ങളുടെ പുനരുദ്ധീകരണമാണ് Dക്യാറ്റഗറിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ സാമ്പത്തിക വർഷവും തുടരുന്ന പദ്ധതിയിൽ സംഘങ്ങളുടെ പുനരുജ്ജീവന പദ്ധതിക്ക് 4,56,50,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) കയർ ഉല്പന്നങ്ങൾക്ക് പുതിയ വിപണികൾ കണ്ടെത്തുന്നതിനും കയർഫെഡ് ഉല്പന്നങ്ങളുടെ വിപണനം ശക്തിപ്പെടുത്തുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

മറുപടി: കയർ ഉൽപ്പന്നങ്ങളുടെ വിപണി കണ്ടെത്തുന്നതിനായി കയർ ഫെഡ് കേരളത്തിനകത്തും പുറത്തുമുള്ള 40 ഷോറൂമുകൾ മുഖാന്തിരം വിവിധ വിൽപ്പന പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. പ്രധാന ആഘോഷ വേളകളിൽ ഡിസ്കൗണ്ട് നൽകുകയും, പ്രദർശന വിപണന മേളകളിൽ പങ്കെടുക്കുകയും

ചെയ്യുന്നുണ്ട്. കെ-ഷോപ്പി, കയർഫെഡ് ഇ- കൊമേഴ്സ് പോർട്ടൽ എന്നിവ മുഖാന്തിരം ഓൺ ലൈൻ ആയും കയർഫെഡ് ഉൽപ്പന്നങ്ങൾ വിപണി കണ്ടെത്തുന്നു. മറ്റ് ഇ-കൊമേഴ്സ് സ്ഥാപനങ്ങൾ മുഖാന്തിരം കയർഫെഡ് കയർ ഉൽപ്പന്നങ്ങൾ ലഭ്യമാകുന്നതിനായുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഭീമമായ നഷ്ടം ഉള്ള ഷോറൂമുകൾ നിർത്തലാക്കികൊണ്ട് കേരളത്തിന് അകത്തും പുറത്തുമുള്ള കയർഫെഡ് ഷോറൂം മുഖാന്തിരം വിവിധ ആരാധനാലയങ്ങൾ, സർക്കാർ ഓഫീസുകൾ എന്നിവിടങ്ങളിലേക്ക് കയർഫെഡ് ഉൽപ്പന്നങ്ങൾ ലഭ്യമാക്കി വില്പന വർധിപ്പിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) പരമ്പരാഗത കയർ തൊഴിലാളികൾക്ക് അപകട ഇൻഷുറൻസ്, ക്ഷേമനിധി ആനുകൂല്യങ്ങൾ, തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ സഹായം എന്നിവ സമയബന്ധിതമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

<u>മറുപടി:</u> കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി നടപ്പാക്കുന്ന പരമ്പരാഗത കയർ തൊഴിലാളികൾക്ക് അപകട ഇൻഷുറൻസ് പദ്ധതിക്കായി 17,40,000/-രൂപയുടെ ഭരണാനുമതി 2026-27 സാമ്പത്തിക വർഷത്തിൽ നൽകിയിട്ടുണ്ട്. തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ സഹായം നൽകുന്നതിനായി 10 ലക്ഷം രൂപ കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന് അനുവദിക്കുന്നതിനുള്ള ഭരണാനുമതിയും 2026-27 സാമ്പത്തിക വർഷത്തിൽ സർക്കാർ നൽകിയിട്ടുണ്ട്.

(എഫ്) കയർ സഹകരണ സംഘങ്ങൾക്ക് സബ്സിഡി അനുവദിക്കുന്നതിന് നിലവിലുള്ള പദ്ധതികളുടെ വിശദാംശം എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>മറുപടി:</u> കയർ സഹകരണ സംഘങ്ങൾക്ക് നേരിട്ട് നൽകുന്ന സബ്സിഡികൾ Production Marketing Incentive (PMI) Marketing Development Assistance (MDA), Managerial Subsidy, Electricity Subsidy, Working Capital എന്നിവയാണ്. 2026 - 27 സാമ്പത്തിക വർഷത്തിൽ 265 കയർ സഹകരണ സംഘങ്ങൾക്ക് പി.എം.ഐ സബ്സിഡി ഇനത്തിൽ 5,33,59,613/- രൂപ ഇതിനകം അനുവദിച്ച് നൽകിയിട്ടുണ്ട്. 2024-25 വർഷത്തെ MDA കേന്ദ്ര വിഹിതമായ 48,87,287/-രൂപ സംഘങ്ങൾക്ക് 2026-27 വർഷത്തിൽ നൽകിയിട്ടുണ്ട്. Managerial Subsidy ഇനത്തിൽ ₹2,00,00,000/-രൂപയുടേയും Electricity Subsidyഇനത്തിൽ ₹ 40,00,000/-രൂപയുടേയും, Working Capital ഇനത്തിൽ ₹4,56,50,000/- രൂപയുടേയും ഭരണാനുമതി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ